പഞ്ചകർമ്മ - 4

വൈദ്യരത്നം, പി.എസ്. വാര്യർ ആയുർവ്വേദ കോളേജ്, കോട്ടയ്ക്കൽ:

ദ്രവ്യഗുണ - 4

സ്വസ്ഥവൃത്തം - 4

പഞ്ചകർമ്മ - 4

(സി) സീറ്റുകൾ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ആയുർവ്വേദ വാജീകരണ ഔഷധങ്ങൾ

63 (6219) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആയുർവ്വേദ വാജീകരണ ഔഷധങ്ങൾ വൻ പരസ്യങ്ങൾ നൽകി വിറ്റഴിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്ത് എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വാജീകരണ ഔഷധ വിഭാഗത്തിൽപ്പെടുന്ന ആയുർവ്വേദ മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്ന ഏതെങ്കിലും മരുന്നുകമ്പനികൾക്കെതിരെ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സ്ഥാപനം പരിശോധിച്ച് നിർമ്മാണ സാഹചര്യം വിലയിരുത്തുന്നു. കൂടാതെ ഉൽപ്പന്നങ്ങളുടെ സാമ്പിളുകളുടെ പരിശോധന നടത്തി ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലേയ്ക്ക് അയയ്ക്കുന്നു. അവിടെ ഗവൺമെന്റ് അനലിസ്റ്റ് സാമ്പിൾ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കുന്നു.

(സി) അംഗീകാരമില്ലാത്ത ഫോർമുലയിൽ "മുസ്ലി പവർ എക്സ്ട്രാ" എന്ന ഉൽപ്പന്നം നിർമ്മിച്ച് വിപണനം നടത്തിയ മൂവാറ്റുപുഴയിലെ കുന്നത്ത് ഫാർമസ്യൂട്ടിക്കൽസ് എന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിയമപരമല്ലാതെ പരസ്യം ചെയ്തതതിന് " DMR (OA) ആക്ട് പ്രകാരം വിവിധ കമ്പനികൾക്കെതിരെയും നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly